# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1144 31.10.2019 ൽ മറുപടിക്ക്**

## കിഫ്ബിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ നിർത്തിവച്ച പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കിഫ്ബിയുടെ മൊബൈൽ ക്വാളിറ്റി മാനേജ്മെന്റ് യൂണിറ്റിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കിഫ്ബിയുടെ എത്ര പദ്ധതികളാണ് നിർമ്മാണ പ്രവർത്തികളുടെ അപാകതയും, കാലതാമസവും കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കെആർഎഫ്ബി യുടെ ചുമതലയുള്ള 7 കരാർ പ്രവർത്തികൾ കിഫ്ബി താല്കാലികമായി നിർത്തിവച്ചിട്ടുണ്ട് |
| (ബി) | ഈ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | താല്കാലികമായി നിർത്തിവച്ച 7 കരാർ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br>1. ആയൂർ ഇത്തിക്കര റോഡ് (കൊല്ലം ജില്ല)<br>2.പേരാമ്പ്ര ചെറുവണ്ണൂർ വടകര റോഡ് (കോഴിക്കോട്ട ജില്ല)<br>3. കല്ലട്ടുക്ക ചെർക്കള റോഡ്(കാസർഗോഡ് ജില്ല)<br>4. പാങ്ങോട് കടക്കൽ ചിങ്ങേലി ചടയമംഗലം റോഡ് ( കൊല്ലം ജില്ല)<br>5. അമരവിള ഒറ്റശേഖരമംഗലം റോഡ് (തിരുവനന്തപുരം ജില്ല)<br>6. കള്ളിക്കാട് പാറശ്ശാല ഹിൽ ഹൈവേ (തിരുവനന്തപുരം ജില്ല)<br>7. കൈതവന പഴയനടക്കാവ് അമ്പലപ്പുഴ വടക്കേനട റോഡ്(ആലപ്പുഴ ജില്ല) |
| (സി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | 1. നിർത്തിവച്ച പ്രവർത്തികളുടെ കിഫ്ബി റിപ്പോർട്ട് പരിശോധിക്കുന്നതിവേണ്ടി പ്രോജക്ട് ഡയറക്ടർ, പിഎംയു- കെആർഎഫ്ബി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെആർഎഫ്ബി, റോഡ്സ് ചീഫ് എഞ്ചിനീയർ എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥരുമായി മീറ്റിംഗ് നടത്തുകയുണ്ടായി. മേൽപ്രവർത്തികളുമായി ബന്ധപ്പെട്ട് കിഫ്ബി |

ഇൻസ്പെക്ഷൻ അതോറിറ്റി നൽകിയ ഒബ്സർവേഷൻ മെമ്മോയിലെ നിർദ്ദേശങ്ങൾ ഉടനടി പാലിച്ച് ആവശ്യമായ രേഖകൾ സഹിതം റിപ്പോർട്ട് നല്കുവാനും പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി മാനുവലിൽ പരാമർശിച്ചിട്ടുള്ള രീതിയിൽ നിർമാണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ നിർത്തിവച്ച പ്രവർത്തികൾ പ്രോജക്റ്റ് ഡയറക്ടർ, പിഎംയു-കെആർഎഫ്ബി നേരിട്ട് പരിശോധന നടത്തി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**